

# സമ്പൂർണ്ണകൃതികൾ: ഭാഗം X

കെ. ദാമോദരൻ



## 2. മാർക്സിസവും വർഗ്ഗസമരവും

# സമ്പൂർണ്ണകൃതികൾ: ഭാഗം X

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

2 മാർക്സിസവും വർഗ്ഗസമരവും . . . . . . . . . . . . . . . . 1

## 2

# മാർക്സിസവും വർഗ്ഗസമരവും

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒമ്പതാം കോൺഗ്രസ്സിനോടനുബന്ധിച്ച് ഈയിടെ എറണാകുളത്തുവച്ചു കൂടിയ ഒരു സാഹിത്യസമ്മേളനത്തിൽ ശ്രീ. വൈക്കം ചന്ദ്രശേഖരൻനായർ മറ്റുചില സുപ്രസിദ്ധ സാഹിത്യകാരന്മാരുമായി കൂടിയാലോചിച്ച് തയ്യാറാക്കിയ ഒരു പ്രബന്ധമവതരിപ്പിക്കുകയുണ്ടായി. പുരോഗമനസാഹിത്യകാരന്റെ കടമകളെപ്പറ്റി പ്രതിപാദിക്കുന്ന ആ പ്രബന്ധത്തിൽ ഒരു പുതിയ മുദ്രാവാക്യമുന്നയിച്ചിട്ടുണ്ട്. ആദ്യം മനുഷ്യൻ; പിന്നെ മാർക്സിസം!

മനുഷ്യനേയും മാർക്സിസത്തെയും രണ്ടാക്കി വെട്ടിമുറിച്ചു പരസ്പരബന്ധമില്ലാത്ത രണ്ടു കള്ളറകളിലേക്കെറിയുന്ന ഈ മുദ്രാവാക്യം കേട്ടപ്പോൾ മാർക്സിസത്തിന്റെ ഒരു വിദ്യാർഥിയായ എനിക്ക് മറ്റൊരു മുദ്രാവാക്യം ഉറക്കെ വിളിച്ചുപറയണമെന്നു തോന്നി. മാർക്സിസത്തിൽ നിന്നു മനുഷ്യനെ കിഴിച്ചാൽ പിന്നെ വട്ടപ്പൂജ്യം.

തത്വചിന്ത, ധനശാസ്ത്രം, ചരിത്രം, സാമൂഹ്യശാസ്ത്രം എന്നിങ്ങനെ വിവിധ വിഷയങ്ങളിലായി മാർക്സ് ഒട്ടനവധി ഗ്രന്ഥങ്ങളും പ്രബന്ധങ്ങളും എഴുതിയിട്ടുണ്ട്. അവയുടെയെല്ലാം കേന്ദ്രബിന്ദു മനുഷ്യനാണ്. മനുഷ്യനപ്പുറത്തു യാതൊന്നുമില്ല. ഉജ്വലവും ഉൽകൃഷ്ടവുമായ മനുഷ്യസ്നേഹമാണ് വിപ്ലവപ്രവർത്തനങ്ങൾ നടത്താനെന്നപോലെതന്നെ സ്വന്തം അനാരോഗ്യത്തെയും സാമ്പത്തികവിഷമതകളേയും അവഗണിച്ചുകൊണ്ട് ആയിരക്കണക്കിൽ പേജുകൾ വരുന്ന 'മൂലധനം' പോലുള്ള ഗ്രന്ഥങ്ങൾ രചിക്കാനും മാർക്സിസം പ്രചോദനം നൽകിയത്. 'മൂലധനം' ഒന്നാം വോള്യത്തിന്റെ അച്ചടി നടന്നുകൊണ്ടിരിക്കുന്ന കാലത്ത് കൃത്യമായിപറഞ്ഞാൽ 1867 ഏപ്രിൽ 30 ന് അദ്ദേഹം എസ്സെയർ എന്ന സുഹൃത്തിനയച്ച കത്തിൽ എഴുതുന്നതു നോക്കുക :

"ഞാനിതുവരെ താങ്കളുടെ കത്തിനു മറുപടി അയയ്ക്കാതിരുന്നതെന്തുകൊണ്ടാണ്. കാരണമിതാണ്. ഈ സമയമത്രയും ഞാനെന്റെ ശവക്കുഴിയുടെ വക്കത്തായിരുന്നു. പണിയെടുക്കാൻ കഴിയുന്ന സ്ഥിതിനിലനിൽക്കുന്നേടത്തോളം ഓരോ നിമിഷവും എന്റെ പുസ്തകം പൂർത്തിയാക്കാൻവേണ്ടി വിനിയോഗിക്കേണ്ടിവന്നു. ഈ പുസ്തകം പൂർത്തിയാക്കാൻ വേണ്ടി എനിക്ക് എന്റെ ആരോഗ്യവും എൻറേയും എന്റെ കുടുംബത്തിന്റെയും സുസ്ഥിതിയും എല്ലാം ത്യാഗം ചെയ്യേണ്ടിവന്നിട്ടുണ്ട്. ഈ വിശദീകരണം താങ്കളെ തൃപ്തിപ്പെടുത്തുമെന്നു വിശ്വസിക്കട്ടെ. 'പ്രായോഗികമതി' കളെന്ന് വിളിക്കപ്പെടുന്നവരെപ്പറ്റിയും അവരുടെ വിവേകത്തെപ്പറ്റിയും എനിക്കു പുച്ഛമാണുള്ളത്. ആർക്കെങ്കിലും ഒരു മൃഗമായിത്തീരണമെന്നുണ്ടെങ്കിൽ അയാൾ ആ കഷ്ടപ്പെടുന്ന മനുഷ്യരാശിയുടെ മുമ്പിൽ പുറംതിരിച്ചു നിൽക്കാനും തന്റെ സ്വന്തം സുസ്ഥിതിയെപ്പറ്റി ആലോചിക്കാനും കഴിയുമെന്നുള്ളത് സ്പഷ്ടമാണ്. പക്ഷേ, എന്റെ പുസ്തകം കയ്യെഴുത്തു കോപ്പിയുടെ രൂപത്തിലെങ്കിലും പൂർത്തിയാക്കുന്നതിനുമുമ്പ് തകർച്ച നേരിട്ടിരുന്നുവെങ്കിൽ ഞാൻ ശരിക്കും ഒരു അപ്രായോഗികജീവിയാണ് എന്നെനിക്കു തോന്നുമായിരുന്നു."

മനുഷ്യരാശിയുടെ കഷ്ടപ്പാടുകളുടെ നേർക്ക് പുറംതിരിക്കുന്നവർ പ്രായോഗികജീവിതത്തിൽ എത്ര പണം സമ്പാദിച്ചാലും നൈമിഷികങ്ങളായ സുഖഭോഗങ്ങളിൽ എത്ര കിടന്നുരുണ്ടാലും യഥാർഥത്തിൽ മൃഗങ്ങളാണ്. മനുഷ്യൻ മനുഷ്യനാവണമെങ്കിൽ കഷ്ടപ്പെടുന്ന മനുഷ്യരാശിയുടെ മോചനത്തിനുവേണ്ടി പ്രവർത്തിക്കണം. ദുഃഖവും കഷ്ടപ്പാടും അനീതിയും ചൂഷണവും സ്വാർഥവും വിദ്വേഷവുമില്ലാത്ത സ്നേഹത്തിലും പരസ്പരസഹായത്തിലുമടിയുറച്ച ഒരു പുതിയ സമുദായത്തിലേക്കുള്ള വഴി കാണിക്കണം. ആ വഴികാട്ടിയാണ് മാർക്സിസം.

ഉപനിഷത്തുക്കളുടെ കാലംതൊട്ട് ഫ്രഞ്ചുവിപ്ലവം വരെയുള്ള ചരിത്രത്തിന്റെ ഏടുകൾ മറിച്ചുനോക്കിയാൽ മഹാത്മാക്കളായ നിരവധി മനുഷ്യസ്നേഹികളെ കാണാം. പക്ഷേ, അവരുടെ മനുഷ്യസ്നേഹവും മാർക്സിന്റെ മനുഷ്യസ്നേഹവും തമ്മിൽ മൗലികമായ ഒരു വ്യത്യാസമുണ്ട്. മാർക്സിനു മുമ്പു ജീവിച്ചിരുന്ന മഹാന്മാർ മനുഷ്യസ്നേഹമെന്ന പദത്തെ ധാർമ്മികമായ അർഥത്തിലാണ് ഉപയോഗിച്ചത്. മാർക്സാകട്ടെ, അതിന് ശാസ്ത്രീയമായ ഒരുള്ളടക്കം നൽകി.

ഉദാഹരണത്തിന് പതിനേഴാം നൂറ്റാണ്ടിലേയും പതിനെട്ടാം നൂറ്റാണ്ടിലേയും ചിന്തകന്മാർ മനുഷ്യസ്നേഹത്തെ നിർവ്വഹിച്ചതെങ്ങിനെയെന്ന് പരിശോധിച്ചു നോക്കുക. സാമാന്യ മനുഷ്യനെപ്പറ്റിയുള്ള അവരുടെ സങ്കൽപം യഥാർഥത്തിൽ അക്കാലത്തു ജീവിച്ചിരുന്ന ബൂർഷ്വാ-പെറ്റിബൂർഷ്വാ മനുഷ്യന്റെ ആഗ്രഹാഭിലാഷങ്ങളുടെ പ്രതിഫലനമായിരുന്നു.

മനുഷ്യസ്നേഹത്തെപ്പറ്റിയുള്ള അത്തരം സങ്കൽപങ്ങൾ സാമൂഹ്യചരിത്രത്തിൽ പുരോഗമനപരമായ യാതൊരു പങ്കും വഹിച്ചിട്ടില്ലെന്ന് ഇപ്പറഞ്ഞതിനർഥമില്ല. ഫ്രഞ്ചുവിപ്ലവകാലത്തുയർത്തിപ്പിടിക്കപ്പെട്ട മനുഷ്യാവകാശപ്രഖ്യാപനം ചരിത്രത്തിൽ പുരോഗമനപരമായ ഒരു പങ്കുവഹിച്ചിട്ടുണ്ടെന്ന യാഥാർഥ്യത്തെ നിഷേധിക്കാനാവില്ല. പക്ഷേ, അതിലെ മനുഷ്യസ്നേഹം കേവലവും അമൂർത്തവുമാണ്. നിലവിലുള്ള വർഗ്ഗബന്ധങ്ങളുടേയും വർഗ്ഗസംഘട്ടനങ്ങളുടേയും സങ്കീർണ്ണതകളുടെ മുമ്പിൽ അമ്പരക്കുന്ന മനുഷ്യസ്നേഹമാണത്. വർഗ്ഗസംഘട്ടനങ്ങളുടെ നിലനിൽപ്പിനെ ചോദ്യം ചെയ്യാത്ത മനുഷ്യസ്നേഹം മൃഗീയതകളെ മൂടിവെയ്ക്കാനേ പ്രയോജനപ്പെടുകയുള്ളൂ. അതുകൊണ്ടാണ് മാനുഷികാവകാശങ്ങളുടെ കൊടിക്കീഴിലുയർന്നുവന്ന വിപ്ലവം ഒടുവിൽ ഭൂരിപക്ഷക്കാരായ യഥാർഥ മനുഷ്യരുടെ മേൽ ന്യൂനപക്ഷമായ ബൂർഷ്വാസിയുടെ ആധിപത്യമുറപ്പിക്കും എന്ന പ്രക്രിയയിലെത്തിച്ചേർന്നത്.

ഇന്നുമുണ്ട് കേവലവും അമൂർത്തവുമായ മനുഷ്യസ്നേഹത്തെ ഉയർത്തിപ്പിടിച്ചു നടക്കുന്നവർ. അർദ്ധരാത്രിയിൽ സേഫ് തുറന്ന് കള്ളപ്പണമെണ്ണിനോക്കിയാസ്വദിക്കുന്നവരും കരിഞ്ചന്തയേയും കൈക്കൂലിയേയും മനോഹരമ്യങ്ങളാക്കി മാറ്റി ശുദ്ധി ചെയ്തെടുത്തവരും അധ്വാനിക്കുന്ന ജനലക്ഷങ്ങളുടെ മിച്ചമൂല്യംകൊണ്ടു പണിത സ്വിമ്മിംങ് പൂളുകളിൽ കിടന്നു കൂത്താടുന്നവരും കോടിക്കണക്കിലുറപ്പിക സ്വത്തുള്ള മഠാധിപതികളും മാനുഷികാഭിലാഷങ്ങളുടെ ശവപ്പെട്ടികൾകൊണ്ടു നിർമ്മിക്കപ്പെട്ട എസ്റ്റാബ്ലിഷ്മെൻറുകളിൽ ചമ്രം പടിഞ്ഞിരിക്കുന്നവരുമെല്ലാം ചിലപ്പോൾ മനസ്സാക്ഷിക്കുത്തുകളിൽ നിന്നു രക്ഷപ്പെടാനെന്നോളം പ്ലാറ്റ്ഫാറങ്ങളിൽ കയറി ചൂഷിതരും മർദ്ദിതരുമായ ജനസഹസ്രങ്ങളുടെ മുഖത്തുനോക്കി മനുഷ്യസ്നേഹത്തിന്റെ ആവശ്യകതയെപ്പറ്റി ഉച്ചത്തിൽ ഉദ്ഘോഷിക്കുന്നതു കേൾക്കാം. അവരുടെ മനുഷ്യസ്നേഹം കാപട്യമാണ്. അല്ലെങ്കിൽ ആത്മവഞ്ചനയാണ്. അതും മാർക്സിന്റെ മനുഷ്യസ്നേഹവും ഒന്നല്ല.

മാർക്സിന്റെ മനുഷ്യസ്നേഹം സാമൂഹ്യബന്ധങ്ങളിലടങ്ങിയ വൈരുധ്യങ്ങളെ അവഗണിക്കുന്നില്ല. സാമൂഹ്യജീവിതത്തിലെ അഴിമതികളുടെയും മാലിന്യങ്ങളുടെയും ചൂഷണങ്ങളുടെയും നേർക്കു കണ്ണടക്കുന്നില്ല. തൊഴിലാളികളുടെയും അധ്വാനിക്കുന്ന മറ്റു ജനവിഭാഗങ്ങളുടെയും മോചനത്തിനുവേണ്ടിയുള്ള സമരങ്ങളിലൂടെ മനുഷ്യരാശിയേയാകെ ചൂഷണങ്ങളിൽ നിന്നും അനീതികളിൽ നിന്നും അടിമത്തങ്ങളിൽ നിന്നും മോചിപ്പിക്കാനും മനുഷ്യനിലുള്ള മൃഗീയതകളവസാനിപ്പിച്ച് മനുഷ്യത്വത്തെ കൂടുതൽ കൂടുതലുയർത്താനും വേണ്ടി പോരാടുന്ന മനുഷ്യസ്നേഹമാണത്.

അനീതിക്കും ചൂഷണത്തിനുമെതിരായ സമരങ്ങളിൽ അനീതിയും ചൂഷണവുമില്ലാത്ത ഉൽകൃഷ്ടവും സുന്ദരവുമായ ഒരു ഭാവിയുടെ പരിപ്രേക്ഷ്യമടങ്ങിയിരിക്കുന്നു. ഈ പരിപ്രേക്ഷ്യമാണ് വർഗ്ഗസമരത്തിന്റെ കാതൽ.

മാർക്സിനെപിടിച്ചാണയിടുന്നവർ തന്നെ പലപ്പോഴും ഈ കാതലായ ഭാഗം കാണാൻ കൂട്ടാക്കാറില്ല. അവർ വർഗ്ഗസമരത്തെ തൊഴിലാളികളുടെ താൽക്കാലികമായ ദൈനംദിന സാമ്പത്തിക സമരങ്ങളിലൊതുക്കി നിർത്തുന്നു. തൊഴിലാളികളിൽ നിന്നു പിഴിഞ്ഞെടുക്കപ്പെട്ട മിച്ചമൂല്യത്തിൽ നിന്ന് കിട്ടാവുന്നത്ര തിരിച്ചുവാങ്ങാൻ വേണ്ടി പ്രക്ഷോഭസമരങ്ങൾ സംഘടിപ്പിക്കുക, മിച്ചമൂല്യ വ്യവസ്ഥയെ നിലനിർത്തുന്ന മുതലാളിത്തത്തിന്റെ ചട്ടക്കൂട്ടിനകത്തു നിന്നുകൊണ്ട് തിരഞ്ഞെടുപ്പു മത്സരങ്ങളിലേർപ്പെടുന്ന രാഷ്ട്രീയപാർട്ടികളുടെ ബലാബലത്തിനു മാറ്റങ്ങളുണ്ടാക്കുക—ഇതാണ് വർഗ്ഗസമരംകൊണ്ട് അവരുദ്ദേശിക്കുന്നത്. മുതലാളിത്തത്തിനെതിരായും സോഷ്യലിസത്തിനുവേണ്ടിയും വിപ്ലവമുദ്രാവാക്യങ്ങൾ മുഴക്കുന്ന കാര്യത്തിൽ അവർ പിശുക്കു കാണിക്കാറില്ല. പക്ഷേ, വർഗസമരത്തെപ്പറ്റിയുള്ള അവരുടെ സങ്കല്പങ്ങൾ ചൂഷണവ്യവസ്ഥയുടെ നാലതിരുകൾക്കുള്ളിലൊതുങ്ങി നിൽക്കുന്നു.

മുതലാളിത്ത സമുദായത്തിൽ തൊഴിലാളികളും മുതലാളികളും തമ്മിലുള്ള വർഗ്ഗസമരങ്ങളും വർഗ്ഗസംഘട്ടനങ്ങളുമുണ്ടെന്നുള്ളത് ആർക്കും നിഷേധിക്കാനാവാത്ത ഒരു യാഥാർഥ്യമാണ്. പക്ഷേ, ഈ യാഥാർഥ്യം മാർക്സിന്റെ കണ്ടുപിടിത്തമല്ല. തനിക്കുമുമ്പു ജീവിച്ചിരുന്ന ചരിത്രകാരന്മാരും സാമൂഹ്യശാസ്ത്രജ്ഞന്മാരും ചൂണ്ടിക്കാണിച്ച ഈ യാഥാർഥ്യത്തെ ശരിവെച്ചുവെന്നതല്ല, വർഗ്ഗങ്ങളും വർഗ്ഗസമരങ്ങളുമില്ലാത്ത ഒരു പുതിയ മനുഷ്യസമുദായം കെട്ടിപ്പടുക്കാനുള്ള മാർഗ്ഗങ്ങളാരാഞ്ഞുവെന്നതാണ് മാർക്സിന്റെ പ്രത്യേകമായ സംഭാവന. 1952-ൽ വെസെമെയർക്കയച്ച കത്തിൽ മാർക്സ് തന്നെ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.

"ആധുനികസമുദായത്തിൽ വർഗമുണ്ടെന്നോ അവ ഒരു പരസ്പരമത്സരത്തിലേർപ്പെട്ടിരിക്കുന്നുവെന്നോ കണ്ടുപിടിച്ചതിന് ഞാൻ യാതൊരു ബഹുമതിയും അർഹിക്കുന്നില്ല. എനിക്കു വളരെമുമ്പുതന്നെ ബൂർഷ്വാചരിത്രകാരന്മാർ വർഗങ്ങളുടെ വളർച്ചയെ വ്യാഖ്യാനിക്കുകയും ബൂർഷ്വാസമുദായത്തിന്റെ സാമ്പത്തികഘടനയെ അപഗ്രഥിക്കുകയും ചെയ്തിട്ടുണ്ട്. എന്റെ പുതിയ സംഭാവന ഇതു മാത്രമാണ്:

1. വർഗ്ഗങ്ങൾ നിലനിൽക്കുന്നത് ചരിത്രപരമായ വികസനത്തിന്റെ ചില സവിശേഷഘട്ടങ്ങളിൽ മാത്രമാണ് എന്ന് തെളിയിക്കുക.

2. വർഗ്ഗസമരങ്ങൾ അനിവാര്യവും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിലെത്തിച്ചേരുമെന്ന് ചൂണ്ടിക്കാണിക്കുക.

3. ഈ സർവ്വാധിപത്യം എല്ലാ വർഗ്ഗവിഭജനങ്ങളേയുമവസാനിപ്പിച്ച് വർഗ്ഗരഹിതമായ ഒരു സമുദായം കെട്ടിപ്പടുക്കുന്നതിലേക്കുള്ള ഒരു പടിമാത്രമാണെന്നു വ്യക്തമാക്കുക."

തൊഴിലാളിവിപ്ലവത്തിന്റെ ഫലമായി സ്വന്തം സ്ഥാപിത താൽപര്യങ്ങളും രാഷ്ട്രീയാധികാരങ്ങളും നഷ്ടപ്പെടുന്ന ചൂഷകവർഗ്ഗക്കാർ തങ്ങളുടെ പൊയ്പ്പോയ അവകാശാധികാരങ്ങൾ വീണ്ടെടുക്കാൻ പരിശ്രമിക്കുമെന്നും അത്തരം പ്രതിവിപ്ലവപ്രവർത്തനങ്ങളെ തടയാൻ കെൽപ്പുള്ള തൊഴിലാളി വർഗ്ഗത്തിൻറേതായ ഒരു ഭരണകൂടം ആവശ്യമായി വരുമെന്നും മാർക്സ് ദീർഘദർശനം ചെയ്തു. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യമെന്നാൽ തൊഴിലാളികളുടെ പേരിൽ ഒരു രാഷ്ട്രീയപാർട്ടിക്കോ ഉദ്യോഗവൃന്ദമോ ഉൽപാദനോപകരണങ്ങളെ നിയന്ത്രിച്ചുകൊണ്ട് ഭരണം നടത്തുക എന്നർഥമല്ല. പണിയെടുക്കുന്ന തൊഴിലാളികൾതന്നെ നേരിട്ട് ഉൽപാദനപ്രവർത്തനങ്ങളേയും രാഷ്ട്രീയകാര്യങ്ങളേയും നിയന്ത്രിക്കുക എന്നർഥമാണ്. മാർക്സിന്റെ ഭാഷയിൽ പറഞ്ഞാൽ, തൊഴിലാളിവർഗ്ഗം സ്വയം ഒരു രാഷ്ട്രമായി, ഒരു ഭരണകൂടമായി മാറുക എന്നർഥമാണ്.

തൊഴിലാളിവർഗ്ഗസർവ്വാധിപത്യം ഒരു താൽക്കാലികമായ ആവശ്യമാണ്. സ്ഥാനഭ്രഷ്ടരായ ചൂഷകവർഗ്ഗക്കാരുടെ എതിർപ്പുകളെ തകർക്കുകയും വർഗ്ഗരഹിതമായ സമുദായത്തിന്റെ അടിത്തറ കെട്ടിപ്പടുക്കുകയും ചെയ്തു കഴിയുന്നതോടെ തൊഴിലാളിവർഗ്ഗസർവ്വാധിപത്യം വാടിക്കരിഞ്ഞു നാമാവശേഷമാകും. അതുകൊണ്ടാണ് ഈ സർവ്വാധിപത്യം ചൂഷണവും മർദ്ദകവുമില്ലാത്ത ഒരു വർഗ്ഗരഹിതസമുദായം കെട്ടിപ്പടുക്കുന്നതിലേക്കുള്ള ഒരു പടി മാത്രമാണെന്ന് മാർക്സ് ഊന്നിപ്പറഞ്ഞത്.

തന്റെ അനുയായികളെന്നവകാശപ്പെടുന്നവർ തന്നെ തന്റെ സിദ്ധാന്തങ്ങളെ വളച്ചൊടിച്ചു വികൃതമാക്കുമെന്നോ തൊഴിലാളികളുടെ ഭരണത്തിനു പകരം പാർട്ടി നേതാക്കന്മാരുടേയും ഉദ്യോഗസ്ഥമേധാവികളുടേയും ഭരണം സ്ഥാപിക്കുമെന്നോ ഭരണകൂടത്തെ വാടിക്കൊഴിഞ്ഞുപോകാനനുവദിക്കാതെ കൂടുതൽക്കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് ഒരു ശാശ്വതസ്ഥാപനമാക്കി നിലനിർത്താൻ ശ്രമിക്കുമെന്നോ മുൻകൂട്ടി കാണാൻ മാർക്സിന് സാധിച്ചില്ല. മാർക്സിന്റെ ശിഷ്യനായ ലെനിനാണ് ഈ ആപത്തുകളുടെ നേർക്ക് വിരൽ ചൂണ്ടിയത്. തൊഴിലാളിവർഗ്ഗസർവ്വാധിപത്യമെന്നുവെച്ചാൽ അധ്വാനിക്കുന്ന തൊഴിലാളികളുടെയും കൃഷിക്കാരുടെയും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ സോവിയറ്റുകൾ (അല്ലെങ്കിൽ കൗൺസിലുകൾ) ഉൽപാദന വ്യവസ്ഥയേയും ഭരണകാര്യങ്ങളേയും നിയന്ത്രിക്കുക എന്നർഥമാണെന്നും സോവിയറ്റ് ഭരണത്തിന്റെ പുരോഗതിയോടൊപ്പം ഭരണകൂടമെന്ന സ്ഥാപനം പടിപടിയായി വാടിക്കൊഴിയാൻ തുടങ്ങുമെന്നും അദ്ദേഹം വ്യക്തമാക്കി. എങ്കിലും ഉദ്യോഗസ്ഥമേധാവികൾ പിൻവാതിലിലൂടെ രംഗപ്രവേശം ചെയ്യുന്നത് അദ്ദേഹത്തിനു കാണാതിരിക്കാൻ കഴിഞ്ഞില്ല. ഉദ്യോഗസ്ഥ മേധാവിത്വത്തെ കടപുഴക്കിയെറിയാനും സോവിയറ്റ് പൗരന്മാരുടെ ജനാധിപത്യാവകാശങ്ങളെ കൂടുതൽക്കൂടുതൽ വിപുലമാക്കാനും വേണ്ടിയാണ് അദ്ദേഹം തന്റെ ജീവിതത്തിലെ അവസാന വർഷങ്ങളിലെ മുഖ്യഭാഗം ചെലവഴിച്ചത്.

1924 ജനുവരിയിൽ ലെനിൻ മരിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വം സ്റ്റാലിന്റെ കൈയ്യിലായി.

സ്റ്റാലിന്റെ കാലത്തും സോവിയറ്റ് എന്ന വാക്ക് നിലനിന്നു. പക്ഷേ പഴയ ഉള്ളടക്കം പോയി. തൊഴിലാളികളുടെ സർവ്വാധിപത്യം സ്റ്റാലിന്റെ കീഴിലുള്ള പാർട്ടി നേതാക്കന്മാരുടേയും ഉദ്യോഗസ്ഥമേധാവികളുടേയും സർവ്വാധിപത്യമായി മാറി.

ലെനിന്റെ കാലത്ത് ആഭ്യന്തരയുദ്ധത്തിന്റെയും പുറമേ നിന്നുള്ള സാമ്രാജ്യവാദികളുടെ ഇടപെടൽ യുദ്ധത്തിന്റെയും പരിതഃസ്ഥിതിയിൽപോലും ജനങ്ങൾക്ക് വിപുലമായ ജനാധിപത്യാവകാശങ്ങളും വ്യക്തിസ്വാതന്ത്ര്യം തുടങ്ങിയ പൗരാവകാശങ്ങളുമുണ്ടായിരുന്നു. ഉൽപ്പാദനോപകരണങ്ങളുടെ ഉടമാവകാശം മുതലാളികൾക്കില്ലാതായി എന്നതു ശരിയാണ്. പക്ഷേ, വിപ്ലവത്തിന്റെ വിജയംവരെ മുതലാളികളായിരുന്നവർക്കുപോലും വോട്ടവകാശം നൽകാൻ ലെനിൻ സന്നദ്ധനായിരുന്നു. തന്റെ നയങ്ങളേയും സിദ്ധാന്തങ്ങളേയും എതിർക്കുന്നവർക്കുപോലും പത്രത്തിൽ പരസ്യമായി എഴുതാനുള്ള സ്വാതന്ത്ര്യം നൽകാൻ അദ്ദേഹത്തിനു വൈമനസ്യമുണ്ടായിരുന്നില്ല.

സ്റ്റാലിന്റെ കാലത്ത് ആ അവകാശങ്ങളൊക്കെ മൺമറഞ്ഞു. ജനങ്ങൾ സ്വേച്ഛാധിപത്യത്തിന്റെ പിടിയിലായി.

തൊഴിലാളിവർഗ്ഗസർവ്വാധിപത്യം ഒരു താൽക്കാലികമായ സ്ഥാപനമാണെന്നും വർഗ്ഗരഹിതസമുദായത്തിലേക്കുള്ള ആദ്യപടി മാത്രമാണെന്നും മാർക്സിനെപ്പോലെത്തന്നെ ലെനിനും വ്യക്തമാക്കിയിരുന്നു. സ്റ്റാലിനാകട്ടെ, സോഷ്യലിസം വളരുംതോറും വർഗ്ഗസമരം മൂർച്ഛിക്കുമെന്നും ഭരണകൂടത്തെ കൂടുതൽക്കൂടുതൽ ശക്തിപ്പെടുത്തുകയാണാവശ്യമെന്നും മറ്റുമുള്ള വിചിത്രമായ സിദ്ധാന്തങ്ങളുന്നയിച്ചുകൊണ്ട് ഉദ്യോഗസ്ഥമേധാവികളുടെ സർവ്വാധിപത്യത്തെ ഒരു ശാശ്വതസ്ഥാപനമാക്കി മാറ്റി.

സ്റ്റാലിന്റെ കയ്യിൽ മാർക്സിസം ജനങ്ങളെ അടക്കി വെയ്ക്കാനുള്ള ഒരു ആശയോപകരണമായി മനുഷ്യസ്നേഹം വെറുക്കപ്പെടേണ്ട ഒരു 'ബൂർഷ്വാവികാരം' മാത്രമായി.

ഈ സ്ഥിതിക്കൊരു മാറ്റം വന്നത് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇരുപതാംകോൺഗ്രസ്സിനുശേഷമാണ്. അതിനുശേഷമാണ് ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനകത്ത് സ്റ്റാലിനിസത്തിന്റെ ആശയപരമായ പിടിയിൽ നിന്നു മോചനം നേടാനും മനുഷ്യസ്നേഹത്തിലടിയുറച്ച മാർക്സിന്റെ സിദ്ധാന്തങ്ങളിലേക്കു തിരിച്ചുപോകാനുമുള്ള പ്രവണതകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയത്. അതുകൊണ്ടുകൂടിയാണ് ഇന്ന് മാർക്സിന്റെ സിദ്ധാന്തങ്ങൾക്ക് കൂടുതൽ പ്രചാരവും അംഗീകാരം ലഭിച്ചുകൊണ്ടിരിക്കുന്നത്.

മാർക്സിസ്റ്റ് വീക്ഷണം
1971 നവംബർ

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 10

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ലെനിനും ഭരണകൂടത്തെപ്പറ്റിയുള്ള സിദ്ധാന്തവും
2. മാർക്സിസവും വർഗ്ഗസമരവും
3. മാർക്സിസവും മതവും
4. ചരിത്രപരമായ ഭൗതികവാദം
5. ലക്ഷ്യങ്ങളും മാർഗങ്ങളും
6. സോഷ്യലിസ്റ്റ് രാജ്യം അക്രമിയാവുമോ?
7. കോൺഗ്രസ്സ്-കമ്യൂണിസ്റ്റ് ഐക്യം കൂടിയേ കഴിയൂ
8. നാഷണൽ കൗൺസിലിന്റെ തീരുമാനങ്ങൾ
9. ഇന്ത്യയെപ്പറ്റിയുള്ള ചൈനയുടെ വിശകലനം
10. ഒരു ഇന്ത്യൻ കമ്യൂണിസ്റ്റിന്റെ ഓർമക്കുറിപ്പ്
11. ശ്രീശങ്കരൻ ഹെഗൽ മാർക്സ്
12. വർഗ്ഗീയത ഭൂതകാലത്തിന്റെ പൈതൃകം
13. ജോർജ്ജ് ലൂക്കാച്ച്
14. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
15. രാഹുൽജി
16. ശ്രീനാരായണഗുരു


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014